3

# അന്ത്യകാലത്തു സൂക്ഷിക്കുവാനുള്ള ഒരപേക്ഷ

## (2 തിമൊഥെയൊസ് 3)

*"അന്ത്യകാലത്തു, ദുർഘട സമയങ്ങൾ വരും എന്നറിക. ... നീയോ ഇന്നവനോടു പഠിച്ചു എന്നോർക്കുകയും, നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക" (2 തിമൊഥെയൊസ് 3:1, 14).*

വിശ്വാസത്തിൽ തന്റെ പുത്രനായ, തിമൊഥെയൊസിനു എഴുതിയ രണ്ടാം ലേഖനത്തിൽ, പരീക്ഷണങ്ങളിലും സ്ഥിരത സൂക്ഷിക്കുവാൻ അപേക്ഷിച്ചുകൊണ്ടാണ് തുടങ്ങുന്നത് (അദ്ധ്യായം 1). വിശ്വസ്തരായ ഉപദേഷ്ടാക്കന്മാരിൽ നിന്നു അവനു ലഭിച്ച ഉപദേശം മുറുകെ പിടിച്ചു പൗലൊസ് നല്കിയ മാതൃകയും പിൻപറ്റി അതു പങ്കിടുവാൻ "വൃദ്ധനായ ഭടൻ" തിമൊഥെയൊസിനോടു ആവശ്യപ്പെടുന്നുണ്ട് (അദ്ധ്യായം 2). പിന്നീട് ദുഷ്ട മനുഷ്യരെ സൂക്ഷിക്കുവാനും അവൻ തിമൊഥെയൊസിനെ മുന്നറിയിച്ചിട്ടുണ്ട് (3:1–9) പൗലൊസിന്റെ മാതൃകയാലും, അവന്റെ തന്നെ പരിശീലനത്താലും, തിരുവെഴുത്തുകളാലും തന്നെ സൂക്ഷിപ്പാൻ പറഞ്ഞിട്ടുണ്ട് (3:10–17).

### പാഠം 8: ദൂഷണത്തിനെതിരായി നിന്നെ സൂക്ഷിക്കുക (3:1-9)

"അന്ത്യകാലവു" മായി ബന്ധപ്പെട്ടു പൗലൊസ് 3:1–9–ൽ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. "അന്ത്യകാലം" എന്നതു നിഗൂഢവാക്കാണെന്നു കരുതി, ചിലർ അതിനെ തെറ്റായി ഉപയോഗിച്ചിട്ടുണ്ട്. ആ പദ പ്രയോഗം സൂചിപ്പിക്കുന്നത് ദൈവം "തന്റെ പുത്രനിൽ" സംസാരിക്കുവാൻ തുടങ്ങിയതു മുതൽ ഏതു സമയവും ആകാം (എബ്രായർ 1:1, 2) – പെന്തെക്കൊസ്തു നാളിൽ സഭ ആരംഭിച്ചതു മുതൽ (പ്രവൃത്തികൾ 2:1, 16, 17) അന്ത്യകാ

ലത്തു വിശ്വാസത്യാഗം സംഭവിക്കുന്നതുവരെയും (1 തിമൊ ഥെയൊസ് 4:1–3), പരിഹാസികൾ വരുന്നതും (2 പത്രൊസ് 3:3–7), ന്യായവിധിനാൾ വരുന്നതുവരെ എപ്പോഴും ആകാം (യോഹന്നാൻ 12:48).

"അന്ത്യകാലത്തു, ദുർഘടസമയങ്ങൾ വരുമെന്ന് അറിക" എന്നു, തിമൊഥെയൊസിനോടു പറഞ്ഞു. *ആ "ദുർഘട[1] സമയങ്ങൾ" ഇപ്പോൾ ആകാമെന്നതാണ് നമുക്കുള്ള പാഠം.* തിമൊഥെയൊസിനെ പോലെ, നാമും ഇതു "തിരിച്ചറിയണം."[2] മുന്നറിയിച്ചിരിക്ക കൊണ്ടു നാം മുൻകരുതലെടുക്കണം. താഴെയുള്ള വാക്യങ്ങളിൽ ദുഷിച്ച മനോഭാവത്തെ പൗലൊസ് വിവരിച്ചിരിക്കുന്നതു നമ്മെ ബാധിക്കുകയാണെങ്കിൽ, നമ്മുടെ കാലം ഭയാനകവും പ്രാകൃതവുമാകും. അതുകൊണ്ടാണ് പൗലൊസ് തിമൊഥെയൊസിനും നമുക്കും ഗൗരവമുള്ള മുന്നറിയിപ്പു നല്കിയിരിക്കുന്നത്!

## വിവരണം (വാ. 1-5)

അന്ത്യകാലത്തെ ദുഷിച്ച ആളുകളെ വിവരിച്ചശേഷം (3:2–5), പൗലൊസ് "അത്തരം ആളുകളെ ഒഴിവാക്കുക" എന്നു പറഞ്ഞു (3:5). "ഒഴിവാക്കുക" (ഗ്രീക്ക്.: *അപ്പോട്രേപോ*) എന്നതിനർത്ഥം "വിട്ടു തിരിയുക ... ഒരാളിൽ നിന്നു മാറി നില്ക്കുക, മാറുക."[3] കെന്നെത്ത് വെസ്റ്റ് ഇതിനെ തർജ്ജിമ ചെയ്തതു, "ഇവർ തുടർച്ചയായി മാറിക്കൊണ്ടിരിക്കും."[4] ഇതു "സഭയുടെ അച്ചടക്ക" ത്തിന്റെ കാര്യം അല്ലെന്നാണ് തോന്നുന്നത് (2 തെസലൊനികൃർ 3:6, 14, 15; 1 കൊരിന്ത്യർ 5:1–5 ലേതു പോലെ). ഈ സന്ദർഭം കൂടുതലായി 2 കൊരിന്ത്യർ 6:14–7:1 മായി ബന്ധപ്പെട്ടതാണ്, അവിടെ പൗലൊസ് സഹോദരങ്ങളോടു പറയുന്നത് അവിശ്വാസികളോടു ഇണയില്ലാ പിണ കൂടരുത് കാരണം അവർ തങ്ങളുടെ ലൗകികമായ കാര്യങ്ങളിൽ മുഴുകും എന്നാണ് സൂചിപ്പിക്കുന്നത് (1 യോഹന്നാൻ 2:15–17 ശ്രദ്ധിക്കുക). 2 തിമൊഥെയൊസ് 3:2–9–ൽ, പൊതുവിലുള്ള ആളുകളെ കുറിച്ചാണ് പൗലൊസ് എഴുതിയത് (ഗ്രീക്ക്.: *ആന്ത്രോപോയി*), പ്രത്യേകിച്ചു അവിശ്വസ്തരായ സഹോദരന്മാരെ കുറിച്ചല്ല പറയുന്നത്. ഒരുപക്ഷെ, സഹോദരന്മാർ ഈ ജീവിത ശൈലി പിൻപറ്റിയാൽ, തീർച്ചയായും പ്രശ്നങ്ങൾ ഉണ്ടാകുകയും അതു സഭയുടെ അച്ചടക്ക നടപടിയിലേക്ക് നീങ്ങുകയും ചെയ്യും (നോക്കുക 1 കൊരിന്ത്യർ 5:9–13; തിത്തൊസ് 3:9–11).

1 കൊരിന്ത്യർ 15:33–ൽ പൗലൊസ് സഹോദരന്മാരെ മുന്നറിയിക്കുന്നുണ്ട്: "വഞ്ചിക്കപ്പെടരുത്; 'ദുർഭാഷണത്താൽ സദാചാരം കെട്ടു പോകുന്നു.'" ഇതു പൗലൊസ് വരച്ചു കാണിച്ച മുന്നറിയിപ്പുമായി ഒത്തു നോക്കുക; നാം അത്തരം പ്രവണതകൾ എടുക്കുകയോ അത്തരം ആളുകളുമായി കൂട്ടു കൂടുകയോ ചെയ്യുകയില്ല എന്നു മനസ്സിൽ ഉറപ്പിക്കണം.

## പ്രവൃത്തികൾ (വാ. 6-9)

*നടപ്പിൽ അധാർമ്മികതയുള്ളവരെ*യാണ് 6 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത് (3:6). അവർ "കുടുംബങ്ങളിൽ പ്രവേശിക്കും"[5] എന്നു പൗലൊസ് എഴുതി. കൂടാതെ, അവർ "അടിമകളാക്കും."[6]

അവർ അടിമകളാക്കുന്നതു "ബലഹീനരായ സ്ത്രീകളെയാണ്"[7] അവർ "പാപം ചുമന്നു[8] നടക്കുന്നവരാണ്." ഇതു പൗലൊസിന്റെ കാലത്തു ഒരിക്കൽ - മാത്രം നടക്കുന്ന പ്രവൃത്തിയെ അല്ല സൂചിപ്പിക്കുന്നത്, എന്നാൽ "വിവിധ ആവേശങ്ങളുടെ"[9] ജീവിത രീതിയെയാണ്. ആ പദ പ്രയോഗത്തിന്റെ നിർവ്വചനം അനുസരിച്ചു, പൗലൊസ് "വിവിധ ആവേശ ങ്ങൾ" എടുത്തു പറഞ്ഞിരിക്കുന്നതിൽ അതിശയിക്കുവാനില്ല. നാം *ആവേശ*ക്കടലിൽ നീന്തും! വെളിപ്പാട് 2:20-23-ൽ, യിസെബേൽ, എന്ന സ്ത്രീ, പുരുഷന്മാരെ ആവേശത്തിൽ പിടിച്ചിരുന്നു. റോമർ 1:26, 27-ൽ പുരുഷന്മാർ പുരുഷന്മാരുടെ പുറകെ ആയിരുന്നു, നമ്മുടെ കാലയള വിൽ സ്ത്രീകൾ സ്ത്രീകളുടെ പുറകെയാണ്. ദുഷ്ടരായ ആളുകൾ എല്ലാ പ്രാകൃതമായ സ്വഭാവത്തെയും പിൻപറ്റി പാപത്തിന്റെ മലിനജ ലാശയത്തിലേക്കു താഴും!

ആ ആളുകൾ നടപ്പിൽ അധാർമ്മികർ എന്നു മാത്രമല്ല, അവർ *പഠി ക്കുന്നതിൽ ഉദാസീനരുമായിരുന്നു* ("എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്തവർ"; 3:7). "വളരു വാൻ അറിയുന്നതിനു" പകരം "അറിയുവാൻ വേണ്ടി അറിയുന്ന" മനോ ഭാവം തിരിച്ചറിയിക്കുന്നത് ഉദാസീനതയും മോഹവുമാണ്. സ്വാർത്ഥ കാരണങ്ങൾ കൊണ്ടും അത്യാഗ്രഹം കൊണ്ടും പഠിക്കുകയാണെങ്കിൽ, അത് യോഹന്നാൻ 7:17, 18 ലെ മനോഭാവത്തിനെതിരാണ്.

അവർ *സത്യത്തിനു മുന്നിൽ തിരുത്താനൊക്കാത്തവരായിരുന്നു*. മോശെയോടു എതിർത്തു നിന്ന, യന്നേസിന്റെയും യംബ്രേസിന്റെയും മനോഭാവത്തെ ചിത്രീകരിച്ചു ആ നടപ്പിനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു: "... അതുപോലെ തന്നേ ഇവരും സത്യത്തോടു മറുത്തു നില്ക്കുന്നു, ദുർബ്ബുദ്ധികളും, വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവരുമത്രേ ... മേൽ പറഞ്ഞവരുടെ ബുദ്ധികേടു എല്ലാവർക്കും വെളിപ്പെട്ടതുപോലെ, ഇവരുടെ ബുദ്ധികേടും വെളിപ്പെടും" (3:8, 9).

പൗലൊസ് പറഞ്ഞ ആളുകൾ രണ്ടുതരം കുറ്റത്തോടെ പുറപ്പെട്ടു പോകുന്നവരാണ്. ആദ്യം, അവർ "ദുർബ്ബുദ്ധികൾ"[10] ആയിരുന്നു. ഒരാ ളുടെ മനസു പാഴാക്കിയാൽ, അതെന്തൊരു പാഴായിത്തീരും! രണ്ടാമതു, അവർ "വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവർ"[11] ആയിരുന്നു. ഈ വിധത്തിലുള്ള ആളുകളോടു ചേരുന്നവർ അത്തരത്തിൽ വിശ്വാസം വളർത്തുവാനാണ് ശ്രമിക്കുന്നതെങ്കിൽ അവർ വിലയില്ലാത്തവരും കൊള്ളരുതാത്തവരും ആകും!

ഈ വിധത്തിൽ പെരുമാറുന്ന ആളുകൾ പൊതുവിൽ ആവശ്യമി ല്ലാത്തവരായിരിക്കും, "കാരണം അവരുടെ ബുദ്ധികേട് സകല മനു ഷ്യർക്കും വെളിപ്പെട്ടുവരും" (നോക്കുക സംഖ്യാപുസ്തകം 32:23; 1 കൊരിന്ത്യർ 5:1; 1 തിമൊഥെയൊസ് 5:24).

### ചുരുക്കത്തിൽ

ഒരാളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നതാണ് 1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞ ആന്തരിക മനോഭാവങ്ങൾ. എങ്ങനെയായാലും, ഈ ആന്തരിക ഗുണങ്ങൾ സജീവമല്ലാതിരിക്കയില്ല. അവരുടെ സ്വഭാവ

ത്തിനനുസരിച്ചു അത് ഉത്തേജിപ്പിച്ചുകൊണ്ടിരിക്കും. ആ മനോഭാവങ്ങൾ ഇന്നു ആളുകളിൽ എങ്ങനെ മൂന്നു വിധത്തിൽ കാണപ്പെടുന്നു എന്ന് പൗലൊസ് വ്യക്തമാക്കുന്നു: അവർ നടപ്പിൽ അധാർമ്മികരായിരിക്കും (3:6), പഠനത്തിൽ ഉദാസീനരായിരിക്കും (3:7), സത്യത്തിന്റെ മുൻപിൽ അവരെ തിരുത്താനൊക്കാത്തവരായിരിക്കും (3:8, 9).

## പാഠം 9: നിന്നെ സൂക്ഷിക്കുവാനുള്ള ശക്തി (3:10-17)

വ്യക്തികളിലും തത്വങ്ങളിലും സൂക്ഷിക്കേണ്ട വിവിധ തരങ്ങളിലുള്ള ദുഷ്ടതകളെ പൗലൊസ് വരച്ചു കാണിച്ചിട്ടുണ്ട്. മോശെക്കു ഒഴിഞ്ഞു മാറുവാൻ കഴിയാതിരുന്നതിനേക്കാൾ കൂടുതൽ തിമൊഥെയൊസിനു കഴിയുമായിരുന്നില്ല. നമുക്കും ഒഴിഞ്ഞുമാറാനാകയില്ല. ഒരുപക്ഷെ തിമൊഥെയൊസ് ചെയ്തതുപോലെ, നാമും ചോദിച്ചു പോയേക്കാം, "ക്രിസ്തുവിന്റെ ഉപദേശത്തിനു എതിരായി ജീവിക്കുന്നവരെ 'ഒഴിവാക്കാൻ' നമുക്ക് എങ്ങനെ സാധിക്കും?"

### പൗലൊസിന്റെ മാതൃകയുടെ ശക്തി (വാ. 10-13)

ഒരേ മാതൃകയാണ് പൗലൊസും തിമൊഥെയൊസും "പിൻപറ്റിയത്." പൗലൊസ് പറഞ്ഞു, "നീയോ എന്റെ ഉപദേശം, നടപ്പു, ഉദ്ദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത, പീഢനങ്ങൾ, ദ്രോഹങ്ങൾ, ..." (3:10, 11).[12] തിമൊഥെയൊസ് പിൻപറ്റേണ്ടിയിരുന്നത്, "എന്റെ ഉപദേശം" എന്നു പൗലൊസ് ചുരുക്കി പറഞ്ഞിരിക്കുന്നു. പൗലൊസ് പഠിപ്പിച്ചതായിരുന്നു അവൻ പരിശോധിക്കേണ്ടിയിരുന്നത് (നോക്കുക 1 തിമൊഥെയൊസ് 4:16; 2:7; റോമർ 9:1; 2 കൊരിന്ത്യർ 2:17).

ആ ഉപദേശങ്ങൾ നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കണം എന്ന് പൗലൊസിന്റെ "നടപ്പു"[13] തെളിയിക്കുന്നു. മറ്റുള്ളവർ ഒരാൾ പഠിപ്പിക്കുന്നതിൽ നിന്നു മാത്രമല്ല, അയാൾ ചെയ്യുന്നതിൽ നിന്നുകൂടി പഠിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! (നോക്കുക പ്രവൃത്തികൾ 1:1; 1 കൊരിന്ത്യർ 11:1.)

തന്റെ ജീവിതത്തിനു ഒരു "ഉദ്ദേശം"[14] ഉണ്ടായിരുന്നതുകൊണ്ടാണ് പൗലൊസ് പഠിപ്പിച്ചതും അതനുസരിച്ചു ജീവിച്ചതും. തന്നെ ചുമതലപ്പെടുത്തിയ ദൈവേഷ്ടം നിറവേറ്റുക എന്നതായിരുന്നു പൗലൊസ് ആവർത്തിച്ചു കാണിച്ചതായ ലക്ഷ്യം (2 കൊരിന്ത്യർ 5:7-11; ഗലാത്യർ 1:10-12). താഴെ പറയുന്ന മനോഗുണങ്ങളാൽ അവനു തന്റെ ജീവിതോദ്ദേശം നിറവേറ്റുവാൻ കഴിഞ്ഞു:

"വിശ്വാസം." (നോക്കുക 1:12; 1 തിമൊഥെയൊസ് 1:12, 18, 19; 2 കൊരിന്ത്യർ 5:7.) ആ വിശ്വാസം ഒരാൾക്ക് അദൃശ്യമായതു ദൃശ്യമാക്കുന്നതിനും, അപരിഹാര്യമായതു കീഴ്പ്പെടുത്തുവാൻ ഉതകുന്നതിനും സഹായിക്കുകയും, മനുഷ്യനു അസാധ്യമായതിൽ ആശ്രയിക്കുന്നതിനു ധൈര്യം നൽകുകയും ചെയ്യും (എബ്രായർ 11:1-3; 1 യോഹന്നാൻ 5:4).

"ക്ഷമ."[15] പല പ്രയാസങ്ങൾ നേരിട്ടിട്ടും പൗലൊസ് ക്രിസ്തുവിനു

വേണ്ടിയുള്ള തന്റെ സേവനത്തിൽ നിന്നു പിന്മാറുകയോ സഹോദര ന്മാരെ വിട്ടു പോകയോ ചെയ്തില്ല (ഫിലിപ്പിയർ 3:7-17).

"സ്നേഹം."[16] പുതിയ നിയമത്തിൽ അവിശ്വസനീയമായ ആ വാക്ക് പല രീതിയിൽ പ്രാവൃത്തികമാക്കാവുന്ന സന്ദർഭങ്ങളിൽ ഉപയോഗിച്ചി ട്ടുണ്ട്. പൗലൊസ് പറഞ്ഞതായ സ്നേഹം എല്ലാം പൊറുക്കുകയും, എല്ലാം വിശ്വസിക്കുകയും, എല്ലാം പ്രത്യാശിക്കുകയും, എല്ലാം സഹി ക്കുകയും ചെയ്യുന്നതും, ഒരുനാളും ഉതിർന്നു പോകയുമില്ലാത്തതാണ് (1 കൊരിന്ത്യർ 13:4-7). തിമൊഥെയൊസിനും നമുക്കും എന്തൊരു ശക്തി യാണുള്ളത്!

"സഹിഷ്ണുത."[17] ഈ ഗുണം വിശ്വാസത്തിന്റേയും, ക്ഷമയുടേയും, സ്നേഹത്തിന്റേയും സ്വാഭാവികവളർച്ചയുടെ ഫലമായി ഉണ്ടാകുന്ന താണ്! പൗലൊസ് ക്രിസ്തുവിനായി അനേകം "കഷ്ടങ്ങളും" "ഉപദ്രവ ങ്ങളും"[18] സഹിച്ചു. അവൻ നേരിട്ട മുറിപ്പാടുകളും വേദനകളും നിരീ ക്ഷിച്ചാൽ അവന്റെ മനോഹര മനോഭാവം നമ്മെ അതിശയിപ്പിക്കും:

> അവർ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ? (ഞാൻ ബുദ്ധി ഭ്രമമായി സംസാരിക്കുന്നു) ഞാൻ അധികം; ഞാൻ ഏറ്റവും അധികം അദ്ധ്വാ നിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി. യെഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു. മൂന്നുവട്ടം കോലിനാൽ അടി കൊണ്ടു, ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു, നദികളിലെ ആപത്ത്, കള്ളന്മാരുടെ ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണ ത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ള സഹോദരന്മാരാലുള്ള ആപത്ത്; അദ്ധ്വാനം, പ്രയാസം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ എനിക്കു ഭവിച്ചു. കൂടാതെ, എനിക്കു ദിവസേന സർവ്വ സഭകളെയും കുറി ച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട് (2 കൊരിന്ത്യർ 11:23-28).

*തിമൊഥെയൊസിനും നമുക്കും "നടക്കുവാൻ" എന്തൊരു പ്രേര ണയാണുള്ളത്!*

പൗലൊസ് പ്രത്യേക സ്ഥലങ്ങളിൽ വെച്ചു അനുഭവിച്ച കഷ്ടാനുഭ വങ്ങൾ തിമൊഥെയൊസിനു അറിയാമായിരുന്നു: "അന്ത്യോക്യാ, ഇക്കോ ന്യ, ലുസ്ത്ര എന്നീ സ്ഥലങ്ങളിൽ വെച്ചു" (3:11; പ്രവൃത്തികൾ 14:19-21; 16:1-3). ആ മാതൃകയിലുള്ള പൗലൊസിന്റെ കഷ്ടാനുഭവങ്ങൾ തിമൊ ഥെയൊസിനു കണ്ടില്ലെന്നു നടിക്കാവുന്നതായിരുന്നില്ല: പൗലൊസ് കഷ്ട തയേല്ക്കുക മാത്രമല്ല, അവൻ അതു "സഹിക്കുകയും"[19] ചെയ്തു. പിരി മുറുക്കത്തിന്റെ കൊടുമുടിയിൽ പൗലൊസ് നിന്നതു, തിമൊഥെയൊസി നേയും നമ്മെയും നേരിടുന്ന ദുഷ്ടതയുടെ വചനത്താൽ നാം താണു പോകാതെ നമ്മെ സഹായിക്കുന്നതിനു വേണ്ടിയാണ് (യാക്കൊബ് 1:2-4; 1 പത്രൊസ് 1:6-9).

പൗലൊസ് നേരിട്ടതായ കഷ്ടത എങ്ങനെ സഹിച്ചു എന്നതു നാം ഊഹിക്കേണ്ടതായിട്ടില്ല. അവന്റെ "സഹിക്കുന്ന മനോഭാവം" പ്രവർത്തിച്ച രീതി പൗലൊസ് വെളിപ്പെടുത്തിയിരിക്കുന്നു: അവൻ പറഞ്ഞു, "അതിലെല്ലാറ്റിൽ നിന്നും കർത്താവു എന്നെ വിടുവിച്ചു!"[20] (3:11).

കൂടുതൽ സംഘട്ടനങ്ങൾ (3:12) ഓർപ്പിക്കുന്നതു ഈ പുസ്തകം പൂർത്തിയാക്കുവാനുള്ള പ്രായോഗികതയെയാണ് തെളിയിക്കുന്നത്. പൗലൊസിന്റെ വാക്കുകളിൽ ഈ വാഗ്ദത്തത്തിൽ ഒരു വിപുലീകരണവും തീർച്ചയും ഉള്ളതായി വ്യക്തമാക്കുന്നു. "എല്ലാവരും" ഉപദ്രവങ്ങൾ ഏല്ക്കേണ്ടിവരും (മത്തായി 5:10, 11; 24:9–14; പ്രവൃത്തികൾ 7:52). "എല്ലാവരും" എന്നു പറഞ്ഞിരിക്കുന്നതു "ഭക്തിയോടെ ജീവിക്കുന്നവരെ" യാണ് അല്ലാതെ "ഭക്തിയുടെ വേഷം" ധരിച്ചിരിക്കുകയും അതിന്റെ ശക്തി ത്യജിക്കുകയും ചെയ്യുന്നവരെയല്ല (3:5).

"ഭക്തിയുള്ളവർ" ആയിരിക്കും കഷ്ടതയേല്ക്കുന്നവർ എന്നാണ് പൗലൊസ് പറഞ്ഞത്. അതിലുപരിയായി, ഇവിടെ "ജീവിക്കുന്നവർ" എന്നു പറയുന്ന വാക്കു എവിടെ എങ്കിലും കഴിയുന്നവരെ കുറിച്ചുള്ളതല്ല. അത് *സാവു*,[21] എന്ന ഗ്രീക്കുവാക്കാണ് അതിനു ശക്തിയും വീര്യവും ഉണ്ട്. അതുകൊണ്ട്, സത്യം തെറ്റിനെ പുറത്തുകൊണ്ടുവരുകയും നീതിക്കുവേണ്ടി അതു നില കൊള്ളുകയും ചെയ്യുമ്പോൾ, ഈ ജീവിതശൈലി സമൂഹത്തെ ഉപ്പിനാൽ രുചി വരുത്തി ഇരുട്ടിനെ അകറ്റുന്ന വെളിച്ചമായി തീരുന്നു (മത്തായി 5:13–16; എഫെസ്യർ 5:6–8). തെറ്റായ ജീവിതശൈലി വ്യാജത്തിലേക്കു നയിക്കുകയും ജഡത്തിനു അടിമയാക്കപ്പെടുകയും ചെയ്യും.

ക്ലിച്ചേ ഇവിടെ യോജിച്ചതാണ്: "എന്നോടു പറഞ്ഞു, 'കാര്യങ്ങൾ മോശമായേക്കാം! സന്തോഷിക്ക!' അതുകൊണ്ടു ഞാൻ സന്തോഷിച്ചു, കാര്യങ്ങൾ ഏറ്റവും മോശമായി!" ഈ ജീവിതത്തിൽ, "ദുഷ്ട[22] മനുഷ്യർ" അവസാനിക്കുന്നില്ല (3:13).

ദുഷ്ട മനുഷ്യർ "കപട വേഷക്കാർ"[23] ആണെന്നും പറഞ്ഞിരിക്കുന്നു. ഈ ആളുകൾ "മോശമായതിൽ നിന്നു ഏറ്റവും മോശമായതിലേക്കു നീങ്ങുന്നു."[24] വാസ്തവത്തിൽ, ആ വാക്കു സൂചിപ്പിക്കുന്നത് ഒരാൾ തിരഞ്ഞെടുത്തു നടക്കുന്ന ഹൈവേയാണ്, എന്നാൽ അതു *തെറ്റായ* ഹൈവേയാണ്!

ആ ആളുകൾ "വഞ്ചിക്കുകയും"[25] "വഞ്ചിക്കപ്പെടുകയും" ചെയ്യുന്നു. ഒരാൾ വിതക്കുന്നതു തന്നെ കൊയ്യും എന്നതിന്റെ നല്ല ഉദാഹരണമാണ് ഇത് (നോക്കുക ഗലാത്യർ 6:7, 8). ആക്ടീവ് പാർട്ടിസിപ്പിൾ കാണിക്കുന്നത് അവർ ചെയ്യുന്നത് വഞ്ചിക്കലായിരുന്നു എന്നും, പാസ്സിവ് പാർട്ടിസിപ്പിൾ കാണിക്കുന്നത് അവർ വഞ്ചിക്കപ്പെ ടുകയും ചെയ്തിരുന്നു എന്നുമാണ് - അതു വഴി അവർ തങ്ങളുടേതായ ഒരു ഡോസ് മരുന്ന് എടുക്കുകയാണ്!

ഫലം ഇരട്ടി മോശമാകും, കാരണം *എല്ലാവരും വഞ്ചിക്കപ്പെടും. ഇത്തരം നടപ്പുതുടരുന്നതു എത്ര ഖേദകരമാണ്, എന്നാൽ പൗലൊസിന്റെ പ്രവചനം എത്ര സത്യമായിരുന്നു!*

## നല്ല പരിശീലനത്തിന്റെ ശക്തി (വാ. 14, 15)

"എങ്ങനെയായാലും" എന്ന വാക്ക് (3:14) വ്യക്തമായും തിമൊഥെയൊസിനു വിപരീതമാണ്. അവൻ ദുഷ്ട മനുഷ്യനോ കപടവേഷധാരിയോ ആയിരുന്നില്ല. അവൻ "മോശമായതിൽ നിന്നു ഏറ്റവും മോശമായതിലേക്കു നീങ്ങിയില്ല," അത് വഞ്ചിക്കയോ വഞ്ചിക്കപ്പെടുകയോ ചെയ്യേണ്ടതിനാണ്. തിമൊഥെയൊസ് എന്താണ് ചെയ്തു കൊണ്ടിരുന്നത്?

### ആജ്ഞ

ദുഷ്ടമാതൃകക്ക് എതിരായി, പൗലൊസ് തിമൊഥെയൊസിനോടു ആജ്ഞാപിക്കുന്നത്, "നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നില നില്ക്ക"[26] എന്നാണ്. അതു തിമൊഥെയൊസ് പഠിച്ചതുമായി ബന്ധപ്പെട്ടിരിക്കുന്നു, ആദ്യം അവന്റെ അമ്മയിൽ നിന്നും വെല്യമ്മയിൽ നിന്നും (1:5), പിന്നെ പൗലൊസിൽ നിന്നും (1:6; 2:1, 2).

ആജ്ഞ വിലയുള്ളതാണ് കാരണം പൗലൊസ് അതിന്റെ കാരണവും നല്കുന്നു: "നീ പഠിച്ചും നിശ്ചയം പ്രാപിച്ചും[27] ഇരിക്കുന്നതിൽ" (3:14). ഒരാൾ ദൈവത്തോടും, ദൈവത്തിന്റെ വചനത്തോടും, ദൈവ വാഗ്ദാനത്തോടും ബന്ധപ്പെട്ടിരിക്കുന്നതു എത്ര മഹത്തായ കാര്യമാണ്! അവന്റെ നാമം നിമിത്തം നമുക്കു കഷ്ടത ഏല്ക്കേണ്ടി വന്നാലും, അവസാനം വിജയം നമുക്കായിരിക്കും എന്നറിയാം (എബ്രായർ 11:1–12:1; റോമർ 8:31–39).

### വിശ്വാസം

"അറിയുന്ന"[28] തിന്റെ അടിസ്ഥാനത്തിന്മേലാണ് തിമൊഥെയൊസിന്റേയും നമ്മുടെയും വിശ്വാസം നിലനില്ക്കുന്നത്. "അറിക" എന്ന വാക്കിന് പൗലൊസ് ഇവിടെ പറഞ്ഞതിനേക്കാൾ ശക്തമായ വാക്ക് മറ്റൊന്നില്ല.

ഇത്തരത്തിലുള്ള "അറിയുന്ന വിശ്വാസം" രണ്ടു കാരണങ്ങൾ കൊണ്ടു വളരുന്നു:

*പ്രഗത്ഭരായ ഉപദേഷ്ടാക്കന്മാരിൽ നിന്നാണ് തിമൊഥെയൊസ് പഠിച്ചത്.* അപ്പൊസ്തലനായ പൗലൊസിന്റേയും, അമ്മയുടേയും വെല്യമ്മയുടേയും ഉപദേശങ്ങളേക്കാൾ ശ്രേഷ്ഠമായ ഉപദേശം വേറെ എന്തുണ്ട് (3:14; 1:5, 6; 2:2)?

*അവൻ സമയ പരിശോധനയെ അതിജീവിച്ചിരുന്നു:* "... ബാല്യം മുതൽ നീ പഠിച്ചു" (3:15). ഇവിടെ *ഓയിഡാ* എന്ന ശക്തമായ ഗ്രീക്ക് വാക്കു വീണ്ടും കാണുന്നു. ഈ അഗാധമായ അറിവു സമയാസമയങ്ങളിലെ വെല്ലുവിളികൾ അതിജീവിച്ചതിൽ നിന്നു വളർന്നു വന്നതാണ്. ഒരു സമയത്തു പ്രായോഗികമായ ആശയമോ തത്വമോ മറ്റൊരു സന്ദർഭത്തിൽ മതിയായതല്ല എന്നു തെളിയുന്നു അല്ലെങ്കിൽ ബുദ്ധിരഹിതമായും തീർന്നേക്കാം. ദൈവവചനം, ശരിയായി ഉപയോഗിച്ചാൽ, തെറ്റുകയോ പരാജയപ്പെടുകയോ ഇല്ല! ഒരു ശിശുവായിരുന്നപ്പോൾ മുതൽ തിമൊഥെയൊസ് ആ വിശ്വാസ്യതയിൽ സംപ്രീതനായിരുന്നു!

അതുകൊണ്ടു, തിമൊഥെയൊസ് *അറിയപ്പെടുന്ന ഉപദേഷ്ടാക്കന്മാരാൽ* *അറിയപ്പെടുന്ന സത്യം* പഠിപ്പിക്കപ്പെട്ടു. അവന്നു രണ്ടിലും പൂർണ്ണ

വിശ്വാസമുണ്ടായിരുന്നു. അത്തരം പാരമ്പര്യപഠനം ലഭിച്ച ആളുകൾ എത്ര ഭാഗ്യവാന്മാർ – ബാല്യം മുതൽ സത്യം അറികയുകയെന്നത്! ആത്മിയ പരിശീലനം അങ്ങനെ ലഭിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. *നിങ്ങൾക്കു ചുറ്റുമുള്ളവർക്കു, ശൈശവം മുതൽ ഈ വലിയ പഠന പരിശീലനം നൽകുമോ?*

**അനന്തര ഫലങ്ങൾ**

"വിശുദ്ധ ലിഖിതങ്ങൾ"[29] അറിയുന്നതിനാലാണ് നല്ല ഫലങ്ങൾ വരുന്നത്. ആ സാധ്യത ചുരുക്കമായി പൗലൊസ് പറയുന്നു – "അതു നിങ്ങളെ രക്ഷക്കു ജ്ഞാനിയാക്കുവാൻ മതിയായതാണ്." ഇവിടെ അവരുടെ ശക്തി തിരുവെഴുത്തുകൾ ആണെന്നു തിരിച്ചറിഞ്ഞിരുന്നു: അവ "മതിയായതാണ്." എബ്രായർ 4:12, 13 പറയുന്നു,

> ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, പ്രാണനെയും ആത്മാവിനെയും, സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. അവന്നു മറഞ്ഞിരിക്കുന്നതു ഒരു സൃഷ്ടിയുമില്ല, സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു അവന്നുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്.

അവയ്ക്കു ചെയ്യുവാൻ കഴിയുന്നതിനെ ശ്രദ്ധിക്കുക: അവ "നിങ്ങൾക്ക് ജ്ഞാനം[30] തരുന്നു." ഈ ജ്ഞാനമാണ് അവസാന ഫലവുമായി ബന്ധപ്പെട്ടിരിക്കുന്നത്. വിശുദ്ധലിഖിതങ്ങൾ മനുഷ്യരെ "രക്ഷയിലേക്കു"[31] നയിക്കുന്നു. തിരുവെഴുത്തു നമ്മെ നിത്യ മരണത്തിൽ നിന്നു സംരക്ഷിച്ചു ആത്മിയമായി നമ്മെ യഥാസ്ഥാനപ്പെടുത്തുന്നു! വില കുറഞ്ഞ ആനുകൂല്യങ്ങൾക്ക് വേണ്ടി ആളുകൾ എത്രമാത്രം വിലകൊടുക്കുന്നു എന്നറിയാമോ? ദൈവത്തിന്റെ വിശുദ്ധ എഴുത്തുകളിലെ വിലയേറിയ നിധി ആളുകൾ തിരിച്ചറിയണം. എഴുത്തുകാരനായ എൽ. ഓ. സാൻഡേർസണിന്റെ വാക്കുകൾ വായിച്ചു ദീർഘശ്വാസം വിടുക:

> വിലയേറിയ ദൈവിക പുസ്തകം[32]
>
> ദൈവശ്വാസിയത്താൽ നല്കപ്പെട്ട, ദൈവത്തിന്റെ പുസ്തകം
> എത്ര വിലപ്പെട്ടതാണ്!
> എന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു നയിക്കുവാൻ, അതിന്റെ
> വഴികൾ വിളക്കു പോലെ പ്രകാശിക്കുന്നു.
> ഈ വിളക്ക്, വിഷമം പിടിച്ച ഇരുട്ടുള്ള ജീവിത ക്ലേശങ്ങളിൽ
> എല്ലാം, എനിക്കു വഴികാട്ടിയാകും,
> അതു നിത്യമായ ഒരു ദിവസം വ്യക്തമായ ഒരു പ്രകാശം പിടിക്കു
> ന്ന തുവരെയാണ്.
> വിശുദ്ധ ബൈബിൾ, ദൈവിക പുസ്തകമേ! വിലയേറിയ, നീ

എന്റേതാണ്!
എന്നെ സുരക്ഷിതമായി വീട്ടിൽ എത്തിക്കുവാൻ വിളക്ക് എന്റെ
കാലിനു വെളിച്ചവും എന്റെ പാതക്കു പ്രകാശവുമായിരിക്കും.

ബൈബിൾ മുഖാന്തരം ലഭ്യമായ സാധ്യതകളെ കുറിച്ചുള്ള അറിവു യഥാർത്ഥമായ ദൈവ പദ്ധതിയിലേക്കു രൂപാന്തരപ്പെടുവാൻ നമ്മെ സഹായിക്കുന്നു: അതായത് "വിശ്വാസം." "വിശ്വാസം മൂലമാണ്" പല അനുഗ്രഹങ്ങളും നമുക്കു ലഭിക്കുന്നത് (നോക്കുക എഫെസ്യർ 2:8; ഗലാത്യർ 3:26, 27; കൊലൊസ്യർ 2:12; ഫിലിപ്പിയർ 3:9; എബ്രായർ 6:12; 11:3, 11, 28, 33, 39; 1 പത്രൊസ് 1:3-5).

ആ പദ്ധതി പ്രാവർത്തികമാകുന്നതു ക്രിസ്തു മുഖാന്തരമാണ്, അതു നമ്മെ അവ "നിൽ" ആണ് വിട്ടിരിക്കുന്നത്. അവൻ തന്നെ വഴിയും, സത്യവും, ജീവനുമാകുന്നു (യോഹന്നാൻ 14:6; പ്രവൃത്തികൾ 4:12; എഫെസ്യർ 1:3-14). അവനെ കൂടാതെ നമുക്കു ഒന്നും ചെയ്യുവാൻ സാധ്യമല്ല, എന്നാൽ അവൻ മുഖാന്തരം ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതൊക്കെയും നമുക്കു ചെയ്യുവാൻ കഴിയും. ക്രിസ്തുവിനെയും അവന്റെ കല്പനകളെയും വിശ്വസിക്കുകയും അനുസരിക്കുകയുമാണ് രക്ഷക്കു മനുഷ്യർ ചെയ്യേണ്ടത് (യോഹന്നാൻ 3:16; മർക്കൊസ് 16:15, 16; പ്രവൃത്തികൾ 22:16; എബ്രായർ 5:8, 9), കാരണം ക്രിസ്തു ദൈവത്തിന്റെ ദാനമാണ് (1 യോഹന്നാൻ 2:1, 2; 4:14).

### തിരുവെഴുത്തുകളുടെ ശക്തി
### (വാ. 16, 17)

3:16, 17 ലെ തിരുവെഴുത്തുകൾക്കുള്ള മൂന്നു മഹത്തായ പ്രശംസകൾ നമ്മെ സുബോധമുള്ളവരാക്കുകയും, നന്ദിയുള്ളവരാക്കുകയും, ലക്ഷ്യ - ബോധം ഉള്ളവരാക്കുകയും ചെയ്യുന്നു.

**തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നുള്ളത്**

തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നുള്ളതാണെന്നു നാം ഓർമ്മിക്കണം. പൗലൊസ് പറഞ്ഞു, "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്"[33] (3:16; നോക്കുക 2 പത്രൊസ് 1:20, 21; എഫെസ്യർ 3:3-5). തിരുവെഴുത്തുകൾ മനുഷ്യരുടെ കണ്ടുപിടിത്തമോ പള്ളി നിയമമോ അല്ല. അവ സഭയുടെ ആധാരമോ സമ്മേളന കല്പനയോ അല്ല. തിരുവെഴുത്തുകൾ *ദൈവത്തിന്റേതാണ്. അവ ദൈവത്താൽ - നല്കപ്പെട്ടതും,* അവയുടെ സത്യം (നോക്കുക 2:19) ആകാശവും ഭൂമിയും ഒഴിഞ്ഞു പോയാലും (മത്തായി 24:35; യോഹന്നാൻ 12:48; യെശയ്യാവു 55:8-11) നിലനില്ക്കും. മനുഷ്യ സിനഡുകൾക്കോ അല്ലെങ്കിൽ പള്ളിനിയമ സമ്മേളനങ്ങൾക്കോ "ദൈവത്തിന്റെ" തിരുവെഴുത്തുകൾ ഉണ്ടാക്കുവാൻ കഴിയുകയില്ല! *ദൈവം ആണ് അതു ചെയ്തതു!*

**തിരുവെഴുത്തുകൾ ഒരു ദാനമാണ്**

ദൈവത്തിന്റെ വചനം വിലയേറിയ ദാനമാണ് കാരണം അതു

"പ്രയോജനം"[34] ഉള്ളതാണ്. ഈ ബൈബിൾ അവകാശം ഏറ്റവും വലിയ ന്യൂനോക്തികളിൽ ഒന്നാണ്. മനുഷ്യന്റെ ആവശ്യവും (റോമർ 3:23) ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയും പരിഗണിക്കുമ്പോൾ (എഫെസ്യർ 2:1–8), സുവിശേഷ സന്ദേശത്തിന്റെ മാഹാത്മ്യം പ്രകടമാക്കുവാൻ വാസ്തവത്തിൽ വാക്കുകളാൽ അസാധ്യമാണ്. തിരുവെഴുത്തുകൾ തികവുള്ളതും പ്രയോജനമുള്ളതുമാണ്. നാലു പ്രത്യേക വഴികളിലാണ് നമുക്കു അവ പ്രയോജനം ചെയ്യുന്നത്:

1. അതു "ഉപദേശത്തിനു" പ്രയോജനമുള്ളതു കൊണ്ടു ദൈവ വചനം *ദിശാബോധം* നല്കുന്നു. നമ്മുടെ വീണ്ടെടുക്കൽ "മനുഷ്യനും" "പദ്ധതിക്കും," അതുപോലെ വ്യക്തിക്കും അവന്റെ വഴികൾക്കുമുള്ളതാണ് (പ്രവൃത്തികൾ 4:12; യോഹന്നാൻ 8:31, 32; 2 യോഹന്നാൻ 9; റോമർ 1:16, 17).

മനുഷ്യനു തന്റെ വഴികൾ നേരെയാക്കുക പ്രയാസമാണ് (യിരെമ്മ്യാവു 10:23). ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും, അതിന്റെ അവസാനമോ മരണവഴികൾ അത്രേ (സദൃശവാക്യങ്ങൾ 14:12). തീർച്ചയായും, നമ്മെ നയിക്കുവാൻ തിരുവെഴുത്തുകളിലെ ഉപദേശങ്ങൾ നമുക്ക് ആവശ്യമാണ്!

2. തിരുവെഴുത്തുകൾ *കുറ്റം കണ്ടുപിടിക്കുന്ന*തിനു അല്ലെങ്കിൽ "ശാസനത്തിനും"[35] പ്രയോജനം ഉള്ളതാണ്. തെറ്റുകൾ ശരിയാക്കണം, അല്ലെങ്കിൽ ക്രൂശ് പരിഹാസ്യമാകും (യാക്കോബ് 1:21–25; 1 യോഹന്നാൻ 2:1, 2). ബൈബിൾ നമ്മുടെ തെറ്റുകൾ പുറത്തുകൊണ്ടു വരുന്നതും ദോഷവഴികളിൽ നിന്നു തിരിയുവാൻ നമ്മെ ബോധ്യപ്പെടുത്തുന്നതുമായ ഉപകരണമാണ് (എബ്രായർ 4:12, 13; റോമർ 7:7; തിമൊഥെയൊസ് 1:9, 10).

ദൈവവചനത്തെ കുറിച്ചു ആരോ പറഞ്ഞു: "അതു ഞാൻ വായിക്കുന്ന ഓരോ നിമിഷവും, ഒന്നുകിൽ അതു പാപത്തെ കൊല്ലും അല്ലെങ്കിൽ അതിനോടു പോരാടുവാനുള്ള ഒരു ഗുണം തരും." തിരുവെഴുത്തുകൾ നമ്മുടെ പാപങ്ങളിലേക്കും ബലഹീനതകളിലേക്കും ഉൾക്കാഴ്ച്ച നല്കി, മഹത്തായ ഉദ്ദേശങ്ങൾക്കുവേണ്ടി നമ്മുടെ ജീവിതം നല്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

3. തിരുവെഴുത്തുകൾ *അച്ചടക്കത്തിനു* അല്ലെങ്കിൽ "ഗുണീകരണത്തിനു"[36] പ്രയോജനമുള്ളതാണ്. തിരുവെഴുത്തുകൾ നമ്മുടെ പാപത്തെ ബോധ്യപ്പെടുത്തുമ്പോൾ, അവ ദൈവഭക്തിക്കു വേണ്ട മാർഗ്ഗ നിർദ്ദേശം നല്കി നമ്മെ വളർത്തുന്നു (നോക്കുക 1 പത്രൊസ് 1:22–2:2). കർത്താവു നമ്മെ അച്ചടക്കം വരുത്തുകയും, അവന്റെ വചനം അതിനുവേണ്ട മാർഗ്ഗദർശിയാണ് (ആമോസ് 7:7, 8), അല്ലെങ്കിൽ ഓരോ പ്രശ്നവും പരിഹരിക്കുന്നതിനുള്ള, നിലവാരമാണ് (2 യോഹന്നാൻ 9).

4. *പുരോഗതിക്കു* പ്രയോജനം ഉള്ളതാണ് തിരുവെഴുത്തുകൾ കാരണം അവ "നീതിയിൽ അഭ്യാസം[37] വരുത്തും." ആ വാക്കിൽ "പറയുന്നതിനെ" ക്കാൾ കൂടുതൽ ഉൾപ്പെട്ടിരിക്കുന്നതായി കാണാം. അതിൽ *പരിശീലനവും,* ആ പരിശീലനത്തിൽ പക്വതയിലേക്കുള്ള ഒരാളുടെ രൂപീകരണവും സ്ഥിരതയും ഉൾപ്പെടുന്നു. ഈ കാര്യത്തിലെ പക്വത എന്നതു "നീതി"[38] ആണ്.

തിരുവെഴുത്തുകൾ നമ്മെ പാപത്തിൽ നിന്നു വിശുദ്ധിയിലേക്കു സഞ്ചരിക്കുവാനും, മനസ്സുറപ്പില്ലാത്ത അവസ്ഥയിൽ നിന്നു വിശ്വാസ ത്തിലേക്കും, ദുഷിച്ച ജീവിതത്തെ ദൈവസ്വഭാവമുള്ളതാക്കി മാറ്റുവാനും സഹായിക്കുന്നതാണ്! *സത്യം എന്തു മാറ്റം വരുത്തി എത്തിക്കുന്നതാണ്!*

**തിരുവെഴുത്തുകളുടെ ഉന്നം**

"ദൈവ മനുഷ്യനെ തികഞ്ഞവൻ ആക്കുക"[39] എന്നതാണ് തിരു വെഴുത്തുകളുടെ ഉദ്ദേശം (3:17). "സകല സൽപ്രവൃത്തികളോടും" അതു ചേർക്കുമ്പോൾ എന്തൊരു വെല്ലുവിളിയായിരിക്കും അത് (നോക്കുക മത്തായി 5:16; എഫെസ്യർ 2:10; തിത്തൊസ് 2:11–14).

ഈ വെല്ലുവിളിക്കു തുല്യനായി ആരാണ് ഉള്ളത്? *നമ്മിൽ ആരും ഇല്ല! അവനിൽ നിന്നു* നമുക്കു ലഭിക്കുന്ന ശക്തിക്കായി നമുക്ക് ദൈവ ത്തിന് നന്ദി ചെലുത്താം (എഫെസ്യർ 6:10–13), അവൻ നമ്മോടു കൂടെയും നമ്മിലും പ്രവർത്തിക്കും (1 കൊരിന്ത്യർ 3:9; 2 കൊരിന്ത്യർ 3:5; 9:8–11; ഫിലിപ്പിയർ 2:12–16, പ്രത്യേകിച്ചു, വാ. 13; 2 തിമൊഥെയൊസ് 2:1). ആവ ശ്യമുള്ള ഘടകങ്ങൾ നാം അല്ല, എന്നാൽ നമ്മെ "തികവുള്ളവരാക്കി യിരിക്കുന്നു"[40]!

ദൈവകൃപ മുഴുവൻ നമുക്കു തരുന്നതുകൊണ്ടു നമുക്കു വളരുവാ നും അവന്റെ സുവിശേഷവുമായി പോയി, സകല സൽപ്രവൃത്തിയിലും സജീവമാകുവാനും കഴിയും.

പൗലൊസ് തന്റെ ആദ്യ ലേഖനത്തിൽ തിമൊഥെയൊസിനു നല്കി യതും ഇതേ തീർപ്പുതന്നെയല്ലേ (1 തിമൊഥെയൊസ് 4:16)?

## ചുരുക്കത്തിൽ

ഈ അദ്ധ്യായത്തിനു യോജിച്ച ഒരു ഉപസംഹാരം റൊണാൾഡ് വാർഡ് നല്കിയിട്ടുണ്ട്:

> തിരുവെഴുത്ത് ദൈവശ്വാസിയവും പ്രയോജനകരവുമായതുകൊണ്ട്, *ദൈവമകനായ,* ആരായാലും ഏതു സാഹചര്യത്തിലായാലും, *തിക ഞ്ഞവൻ ആയേക്കാം.* ആ തത്വം തിമൊഥെയൊസിനും മറ്റേതൊരു *ദൈവമകനും* ബാധകമാണ്. *തികഞ്ഞവൻ* എന്നതിൽ അർത്ഥമാക്കു ന്നത് വ്യക്തിപ്രഭാവ തികവല്ല മറിച്ചു അയാൾക്ക് ശുശ്രൂഷക്കു പ്രത്യേ കമായ ഒരു യോഗ്യതാകുറവും ഉണ്ടാകയില്ല. ഉദ്ദേശം എന്തെന്നാൽ അയാൾക്കു മുമ്പിൽ വെച്ചിരിക്കുന്ന കടമ ചെയ്യുവാൻ അയാളെ പ്രാപ്തമാക്കുന്നു. അയാൾ തിരുവെഴുത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മതത്തിൽ തത്വശാസ്ത്രപരമായ ഒരു സ്ക്വയർ പെഗ് ആകുകയില്ല. അതുകൊണ്ടു അയാൾ *മതിയായവനായി*; ഒരു "പൂർത്തിയാകൽ" അവനിൽ ഉണ്ടാകുന്നു. അയാൾ തയ്യാറാകുക മാത്രമല്ല (നോക്കുക 2:21) പിന്നെയോ കഴിവുള്ളവനാകുകയാണ്.[41]

ഇതു ദൈവമനുഷ്യനെ തികവുള്ളവനാക്കുമെങ്കിൽ, അദ്ധ്യായം 4 ക്രൂശിന്റെ ഓരോ പടയാളിയെയും ഭരമേല്പ്പിക്കുന്നത് ഒരു വലിയ വെല്ലു വിളിയാണ്!

# *"അന്ത്യകാലത്ത്" ഒഴിവാക്കുവാൻ പൗലൊസ് പറഞ്ഞ ആളുകൾ*

*(2 തിമൊഥെയൊസ് 3:2-5)*

**"സ്വസ്നേഹികൾ"** (ഗ്രീക്ക്.: *ഫിലൗടോസ്*) - സ്വാർത്ഥർ; ഒരാളുടെ സ്വന്തം ഇഷ്ടം കൂടുതലായി കണക്കാക്കുക (റ്റി, 653). തെറ്റുകളിൽ ഇത് ആദ്യം പറഞ്ഞിരിക്കുന്നതിൽ അതിശയിക്കുവാനില്ല. പല പൈശാചിക പ്രവർത്തികൾക്കും ഉണ്ടാകുന്നത് ഒരാൾ തന്റെ സ്വാർത്ഥതക്കും, ആവശ്യമില്ലാത്ത ആഗ്രഹങ്ങൾക്കും, സ്വേഛരതയിൽ - കേന്ദ്രീകരിക്കുന്ന ആഗ്രഹങ്ങൾക്കും ഊന്നൽ കൊടുക്കുന്നത് നിമിത്തമാണ്.

**"ദ്രവ്യാഗ്രഹികൾ"** (ഗ്രീക്ക്.: *ഫിലാർഗുരോസ്*) - അത്യാഗ്രഹം (ആർ, 762). എന്നാൽ "ദൈവ ഭക്തി വലിയ ആദായം ആകുന്നുതാനും" (1 തിമൊ. 6:6), പണത്തെ തങ്ങളുടെ പ്രഥമ മുൻഗണനയാക്കുന്നവർ തങ്ങളുടെ സ്വാതന്ത്ര്യം, വിവേചനം, നിർമ്മലത, വിശ്വാസം, തൃപ്തി എന്നിവ നഷ്ടമാക്കും - ക്രമേണ, അവരുടെ ആത്മാക്കളെയും.

**"വമ്പു പറയുന്നവർ"** (ഗ്രീക്ക്.: *അലസോൺ*) - ഒന്നുമില്ലാത്ത നാട്യക്കാരൻ (റ്റി, 25). ഒരു സ്വ - സ്നേഹി സ്വാഭാവികമായും വമ്പു പറയും.

**"അഹങ്കാരികൾ"** (ഗ്രീക്ക്.: *ഹുപെരേഫാനോസ്*) - അഹംഭാവം ഉള്ള, മറ്റുള്ളവരെ നിന്ദിക്കുക അല്ലെങ്കിൽ അവരോടു അവജ്ഞയോടെ പെരുമാറുക (റ്റി, 641). വമ്പു പറയുന്നതിനപ്പുറം മറ്റുള്ളവരെ വേദനിപ്പിക്കുന്ന വിധത്തിൽ പെരുമാറുക.

**"ദൂഷകന്മാർ"** (ഗ്രീക്ക്.: *ബ്ലാസ്ഫെമോസ്*) - ദൂഷകന്മാർ (റ്റി, 103). നിന്ദിക്കുന്ന ഒരാൾക്കെതിരായി പ്രതികരിക്കുമ്പോൾ (സാധാരണ രീതിയിൽ അവർ), ദുഷിക്കുന്നവർ "ന്യായീകരിക്കുന്ന" രീതിയിൽ പ്രതികരിക്കും.

**"അമ്മയപ്പന്മാരെ അനുസരിക്കാത്തവർ"** ("അനുസരണം ഇല്ലാത്ത" - ഗ്രീക്ക് *അപ്പയിത്തെസ്*) - പ്രേരിപ്പിക്കാതിരിക്കൽ, യോജിക്കാതിരിക്കൽ (റ്റി, 55). മാതാപിതാക്കൾ *പരിശ്രമിക്കും*, എന്നാൽ അനുസരിക്കാത്ത കുട്ടി *ഒത്തു പോകയില്ല.* ചിലർ ജീവിതത്തിൽ മുൻപുതന്നെ പിശാചിനെ കൈകാര്യം ചെയ്യും.

**"നന്ദികെട്ടവർ"** (ഗ്രീക്ക്.: *അച്ചാരിസ്റ്റോസ്*) - നന്ദിയില്ലാത്തവർ (റ്റി, 90). നമ്മെ കരുതുകയും അനുഗ്രഹിക്കയും ചെയ്യുവനെ കാണാതിരിക്കുന്നത് എപ്പോഴും ദൈവവുമായും മനുഷ്യരുമായും ഉള്ള ബന്ധം മോശമാകാൻ കാരണമായി തീരുന്നു.

**"അശുദ്ധർ"** (ഗ്രീക്ക്.: *അനോസിയോസ്*) - ഭക്തികെട്ടവർ, ദുഷ്ടർ (റ്റി, 49). അത്തരം വ്യക്തിക്ക് ആരും വിശുദ്ധരോ ഒന്നും വിശുദ്ധമോ അല്ല! അയാൾ ദൈവത്തെ ആദരിക്കാതെ നിന്ദിക്കും.

**"വാത്സല്യമില്ലാത്തവർ"** (ഗ്രീക്ക്.: *ആസ്റ്റോർഗോസ്*) - കുടുംബ ബന്ധമില്ലാതെ അല്ലെങ്കിൽ ബന്ധു സ്നേഹം ഇല്ലാതെ (ഏഎസ്, 65). എവിടെയാണോ സ്നേഹം വളരേണ്ടത്, അവിടെ അതു അവഗണിക്കയും നിഷേധിക്കയും

ചെയ്യുന്നു.

**"ഇണങ്ങാത്തവർ"** (ഗ്രീക്ക്.: *ആസ്പോൺഡോസ്*) - ഒരു ഉടമ്പടിയിലെത്തുവാൻ പ്രേരിപ്പിക്കുവാൻ കഴിയാത്ത (റ്റി, 81). ഈ മനുഷ്യൻ ഒന്നിലും തൃപ്തിപ്പെടുകയില്ല. അയാളുമായി ഒരു കരാറുണ്ടാക്കുവാൻ സാധ്യമല്ല. അയാൾ സ്വയം - കേന്ദ്രീകൃത മനുഷ്യനും ആധികാരിക ഭാവമുള്ളവനുമായതുകൊണ്ട് എല്ലാ ബന്ധങ്ങളും - ദൈവവും മനുഷ്യനുമായും ഉള്ള ബന്ധങ്ങൾ - അയാൾ കാരണം തന്നെ നശിച്ചുപോകും.

**"ഏഷണിക്കാർ"** (ഗ്രീക്ക്.: *ഡയാബോളോസ്*) - പരദൂഷണം പറയൽ ... മനസിലും ഇഷ്ടത്തിലും പിശാചിനോടു തുല്യനാകുന്നവർ, ചിന്തയിലും പ്രവൃത്തിയിലും പിശാചിനെ ആശ്രയിക്കുക, അങ്ങനെ അവനാൽ നയിക്കപ്പെടുക (റ്റി, 135). പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ ഈ പരദൂഷണക്കാർ അവരോടു പ്രശ്നങ്ങൾ പറഞ്ഞവരെയും ഒറ്റിക്കൊടുക്കും.

**"ഇന്ദ്രിയജയം - ഇല്ലാത്തവർ"** (ഗ്രീക്ക്.: *അക്റേറ്റസ്*) അശക്തർ, ... ധാർമ്മികമായ അർത്ഥത്തിൽ, ആത്മ - നിയന്ത്രണം ഇല്ലാത്തവർ (ഏഎസ്, 18). അവർക്ക് സ്വയം - അച്ചടക്കം ഇല്ലാത്തതുകൊണ്ട്, ആ വ്യക്തികൾ അവരുടെ സാഹചര്യം കണ്ടെത്തും (ആത്മാക്കളെയും) നിയന്ത്രണം വിടുകയും ചെയ്യും. ഒരു പാപം എളുപ്പത്തിൽ മറ്റൊന്നിലേക്കു നയിക്കും.

**"ഉഗ്രന്മാർ"** (ഗ്രീക്ക്: *അനേമെരോസ്*) - വഴങ്ങാത്ത, തിരുത്താൻ പറ്റാത്ത അല്ലെങ്കിൽ ഭയങ്കരമായ (റ്റി, 45). എല്ലാ പൈശാചിക പ്രവൃത്തികളുടേയും ഉച്ചസ്ഥായിയിലെത്തുന്നതാണ് ഇത്. ഈ വഴങ്ങാത്തവരുമായി ഇടപെടുന്നവർ സഹതപിച്ചുപോകും!

**"സൽഗുണദ്വേഷികൾ"** (ഗ്രീക്ക്.: *അഫിലാഗാതോസ്*) - നന്മയെയും നല്ലവരെയും എതിർക്കുന്നവരാണ് അവർ; ഇതു 2 തിമൊ 3:3-ൽ മാത്രമെയുള്ളു (റ്റി, 89). ക്രിസ്തുവിന്റെ നന്മയും ഭക്തിയുമെല്ലാം ഇത്തരം ആളുകളാണ് ക്രൂശീകരണത്തിലേക്കു നയിച്ചത്.

**"ദ്രോഹികൾ"** (ഗ്രീക്ക്.: *പ്രോഡെട്ട്സ്*) - ഒരു ട്രെയിറ്റർ (റ്റി, 538). പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ, അത്തരം ആളുകൾ തങ്ങളെത്തന്നെ വില്ക്കുകയും വേണ്ടപ്പെട്ടവരെയെല്ലാം ഉപേക്ഷിക്കയും ചെയ്യും.

**"ധാർഷ്ട്യക്കാർ"** (ഗ്രീക്ക്.: *പ്രൊപ്പെറ്റസ്*) - മുൻപോട്ടു വീഴൽ, തലകുത്തനെ, ... പരുഷമായി (റ്റി, 541). അവിശ്വസ്തർ നശീകരണ വഴിക്കു നീങ്ങി, വിപത്തിലെത്തിച്ചേരുമ്പോൾ വൈകാരികമായ പ്രതികരണങ്ങൾ ഇല്ലാതായേക്കാം.

**"നിഗളികൾ"** (ഗ്രീക്ക്.: *റ്റുഫൂ*) - അഹങ്കാരം കൊണ്ട് കണ്ണുകാണാതിരിക്കുക, വിഡ്ഢിത്തം അല്ലെങ്കിൽ ഭോഷത്വത്തോടെ പെരുമാറുക (റ്റി, 633). ഇത്തരം അന്ധത വേദനയും ദുഃഖവും വരുത്തും.

**"ഭോഗപ്രിയർ"** (ഗ്രീക്ക്.: *ഫിലേഡോണോസ്*) - സുഖലോലുപതക്ക് ഏല്പിച്ചു കൊടുക്കുക (ഏജി, 867). ഈ ആളുകൾ തങ്ങളുടെ മുൻഗണനകൾ തെറ്റായി വെച്ചിരിക്കുന്നു, അവർ ദൈവത്തെ ആദ്യം സ്നേഹിക്കുന്നതിനുപകരം ഭോഗത്തെ പ്രിയപ്പെടുന്നു.

**"ഭക്തിയുടെ വേഷം ധരിക്കുന്നവർ" എന്നാൽ "അതിന്റെ ശക്തി ത്യജിക്കും"** ("വേഷം" = ഗ്രീക്ക്.: *മോർഫോസിസ്*) - വെറും പുറം മോടി അല്ലെങ്കിൽ ദൈവഭക്തിയുടെ ബാഹ്യപ്രകടനം (റ്റി, 419). വിശ്വാസം ഇല്ലാത്ത പ്രകടനം വ്യാജമാ

ണ്. ദൈവഭക്തിയുടെ വേഷം ധരിക്കുന്നവർ വാസ്തവത്തിലുള്ള ദൈവ ഭക്തിയുടെ ശക്തി ത്യജിക്കുന്നവരായിരിക്കും.

ഏജി  വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർളി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957).

ഏഎസ്  ജി. അബോട്ട് - സ്മിത്ത്, *ഏ മാനുവൽ ഗ്രീക്ക് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1948).

ആർ  എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863).

റ്റി  സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ (എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977).

---

കുറിപ്പുകൾ

[1]ദുർഘടം (ഗ്രീക്ക്.: *ചാലേപോസ്*) - "ചെയ്യുവാൻ പ്രയാസമായതു, എടുക്കുക ... സഹിക്കുവാൻ പ്രയാസമായതു, കുഴപ്പം പിടിച്ച, അപകടകരമായ ... 2 തിമൊ. 3:1, കഠിനമായ, ഭയാനകമായ, ഉഗ്രമായ ... മത്താ. 8:28" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീ പ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 664). [2]അറിക (ഗ്രീക്ക്.: *ജിനോസ്ക്കേ*) - "മനസ്സിലാക്കുക, ഗ്രഹിക്കുക ... തീർച്ചയായും അറിയുക ... ബാഹ്യ പ്രകടനത്താൽ മനസ്സിലാക്കി തിരിച്ചറിയൽ വെളിപ്പെടുത്തുന്നു, വ്യക്തിപരമായ അനുഭവത്താൽ ഉറപ്പിക്കുന്ന അറിവു" (തേയർ, 117-18). [3]തേയർ, 69. [4]കെന്നെത്ത് എസ്. വെസ്റ്റ്, *വെസ്റ്റ്സ് വേഡ് സ്റ്റഡീസ്*, വാല്യം. 2, *പാസ്റ്റോറൽ എപ്പിസ്റ്റിൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1952), 145. [5]നൂന്നു കടക്കുക (ഗ്രീക്ക്.: *എൻഡുനോ*) - "[അക്ഷരികമായി,] വീടുകളിലേക്ക് അവർ നുഴഞ്ഞാണ് കയറുന്നത്, 2 തിമൊ. 3:6" (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2-ാം എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 263); "... കടന്നു കൂടുക, അകത്ത് ഒളിക്കുക, ... ഇടുക ... നുഴയുക, ഒരാൾ തന്നെ പ്രവേശിപ്പിക്കുക; കടക്കുക" (തേയർ, 214). [6]സ്വാധീനിക്കുക (ഗ്രീക്ക്.: *എയിച്ച്മാലോറ്റിസോ*) - "നയിച്ചു അടിമയാക്കുക ... നിയന്ത്രണവിധേയമാകുക ... ഒരാളുടെ മനസ്സിനെ കീഴ്പ്പെടുത്തുക ... 2 തിമൊ. 3:6" (തേയർ, 18). [7]ബലഹീന സ്ത്രീ (ഗ്രീക്ക്.: *ഗുനായിക്കാരിയോൺ*) - "നിന്ദാ

പാത്രം, ഒരു നിസ്സാര ബലഹീന സ്ത്രീ, 2 തിമൊ. 3:6’’ (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 154); “... ചെറിയ സ്ത്രീ, എന്നാൽ [വില കുറക്കുന്ന ലക്ഷ്യാർത്ഥം], തനിയെ, നിസ്സാര സ്ത്രീ” (ആംണ്ട് ആന്റ് ജിംജ്റിച്ച്, 167). [8]ചുമക്കുന്ന (ഗ്രീക്ക്.: *സെസോരേമെന*) – “കുന്നുകൂടുക ... 2 തിമൊ. 3:6, ഭാരം, ഭാരപ്പെടുന്ന” (റോബിൻസൺ, 705); “കൂമ്പാരം (മുകളിലേക്ക്) ... നിറക്കുക (ഒരു സ്ഥലത്ത്) നിസ്സാര ... സ്ത്രീകളെ കൊണ്ടും, അവരുടെ പാപങ്ങളെ കൊണ്ടും” (ആംണ്ട് ആന്റ് ജിംജ്റിച്ച്, 808). [9]ആവേശം (ഗ്രീക്ക്.: *എപിതുമായി*) – “അത്യുൽസാഹം, ആഗ്രഹിക്കുക ... ക്രമ വിരുദ്ധമായതും ആവശ്യമില്ലാത്തതുമായ ആഗ്രഹം ... ആർത്തി, മോഹം ... കൊലൊ. 3:5 ... പ്രാകൃത ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുക, 1 തിമൊ. 6:9; 2 തിമൊ. 3:6; 4:3; തിത്തൊ. 3:3; യാക്കൊബ് 1:14, 15 ... ഭോഗേഛകൊണ്ടുള്ള ആഗ്രഹങ്ങൾ, സുഖലോലുപത, പ്രയോജനം, ബഹുമാനം ... വഞ്ചനയായ മോഹങ്ങൾ, എഫെ. 4:22 ... യൗവ്വന മോഹങ്ങൾ, 2 തിമൊ. 2:22. ... അശുദ്ധമായ ആഗ്രഹങ്ങളെ പ്രകടിപ്പിക്കൽ, ഭോഗേഛ, റോമ. 1:24; 1 തെസ. 4:5” (റോബിൻസൺ, 279). [10]ദുർബുദ്ധി (ഗ്രീക്ക്.: *കാറ്റാഫിത്തെയിറോ*) – “നശിപ്പിക്കുക, മുഴുവനായും, ദുഷിപ്പിക്കുക ... പാഴാക്കുക ... വഷളാക്കുക ... 2 തിമൊ. 3:8 ... നശിപ്പിക്കുക ... , 2 പത്രൊ. 2:12” (റോബിൻസൺ, 390).

[11]കൊള്ളരുതാത്ത (ഗ്രീക്ക്.: *അഡോക്കിമോസ്*) – “അംഗീകാരമില്ലാത്ത, നിഷേധിച്ച, ... ശിക്ഷാവിധിക്കു യോഗ്യമായ, ഹീനമായ, റോമ. 1:28; 2 തിമൊ. 3:8 ... അനുവാദമില്ലാത്ത ... വിലയില്ലാത്ത ... പാഴായ” (റോബിൻസൺ, 14); “... പരിശോധന വിജയിക്കാതിരിക്കുക ... വേണ്ടതുപോലെ എന്നു തെളിയിക്കാതിരിക്കുക ... 1 കൊരി. 9:27; 2 കൊരി. 13:5–7 ... എന്തിനും യോജിക്കാത്ത ... തിത്തൊ. 1:16” (തേയർ, 12). [12]“പിൻപറ്റുക,” എന്നതിന്റെ ഗ്രീക്ക് വാക്ക് *പാരകൊലൌതെയോ*, അർത്ഥം “വശത്തോടു ചേർന്നു നടക്കുക, അടുത്തു പിൻപറ്റുക ... പരിശോധിക്കുക,” കൂടാതെ “രൂപാന്തരപ്പെടുക ...” (റോബിൻസൺ, 550). [13]നടപ്പു (ഗ്രീക്ക്.: *അലോലേ*) – ഒരു “നയിക്കൽ ... ഒരു നടപ്പു, പരിശീലനം, വിദ്യാഭ്യാസം, അച്ചടക്കം ... നയിക്കപ്പെട്ട ജീവിതം, വഴി അല്ലെങ്കിൽ ജീവിതത്വര ... 2 തിമൊ. 3:10” (തേയർ, 10). [14]ഉദ്ദേശം (ഗ്രീക്ക്.: *പ്രോതെസിസ്*) – “മുൻപിൽ വയ്ക്കുക, പുറത്തുകൊണ്ടുവരിക, അവതരണം ... പദ്ധതി, ഉദ്ദേശം, തീരുമാനം, ഇഷ്ടം ... 2 തിമൊ. 3:10 ... ചിന്തിക്കുന്ന രീതി ... ഹൃദയത്തിന്റെ ഉദ്ദേശം ... പ്രവൃത്തികൾ 11:23 ... ദൈവിക ഉദ്ദേശത്തിന്റെ ... അവന്റെ ഉദ്ദേശപ്രകാരം വിളിച്ച ആളുകൾ, റോ. 8:28 ... നിത്യമായ ഉദ്ദേശം അനുസരിച്ചു, എഫെസ്യർ 3:11” (ആംണ്ട് ആന്റ് ജിംജ്റിച്ച്, 713). [15]ക്ഷമ (ഗ്രീക്ക്.: *മാക്റോതൂമിയ*) – “സഹിഷ്ണുത, മാറ്റമില്ലായ്മ, സ്ഥിരത, ദീർഘക്ഷമ; ... കുഴപ്പങ്ങളും വേദനകളും സഹിക്കുന്നതിൽ കാണപ്പെടുന്നത് ... കൊലൊ. 1:11; 2 തിമൊ. 3:10; എബ്രാ. 6:12; യാക്കൊ. 5:10 ...” (തേയർ, 387). [16]സ്നേഹം (ഗ്രീക്ക്.: *അഗാപെ*) – “... മമത, നല്ല മനസ്സ്, ... ധർമ്മോപകാരം ... കുഴപ്പം പിടിച്ച സേവനം, അദ്ധ്വാനം, സ്നേഹത്താൽ നടത്തുന്നത്, 1 തെസ. 1:3 ... സത്യത്തെ ആലിംഗനം ചെയ്യുന്ന സ്നേഹം, 2 തെസ. 2:10” (തേയർ, 4). [17]ദീർഘക്ഷമ (ഗ്രീക്ക്.: *ഹൂപോമോനേ*) – “ദൃഢനിശ്ചയം ഉണ്ടാവുക, സ്ഥിരതയുണ്ടാവുക, സഹനശക്തിയുണ്ടാവുക ... പുതിയ നിയമത്തിൽ ഏറ്റവും വലിയ പരീക്ഷണങ്ങളിലും ഉപദ്രവങ്ങളിലും തന്റെ വിശ്വാ

സവും ഭക്തിയും മനപ്പൂർവ്വമായി പിടിച്ചുകൊള്ളുന്ന സ്വഭാവമുള്ള ഒരാൾ: ലൂക്കൊ. 8:15; 21:19; റോ. 5:3 ... 2 തെസ. 1:4; 1 തിമൊ. 6:11; 2 തിമൊ. 3:10; തിത്തൊ. 2:2" (തേയർ, 644). [18]കഷ്ടത (ഗ്രീക്ക്.: *പത്തേമാ*) – "നിർഭാഗ്യം, കുഴപ്പം, ദുഷിച്ച പോരാട്ടങ്ങൾ ... റോമർ. 8:18; 2 കൊരി. 1:6 ... ; കൊലൊ. 1:24; 2 തിമൊ. 3:11; എബ്രാ. 2:10; 10:32 ..." (തേയർ, 472). [19]സഹിക്കുക (ഗ്രീക്ക്.: *ഹുപോഫെറോ*) – "കീഴ്പ്പെട്ടു സഹിക്കുക, ... അടിമയായി സഹിക്കുക, പിന്താങ്ങുക, വഹിക്കുക; ... 1 കൊ. 10:13 ... 2 തിമൊ. 3:11 ... 1 പത്രൊ. 2:19" (റോബിൻസൺ, 752). [20]വിടുവിക്കുക (ഗ്രീക്ക്.: *എരുസാറ്റോ*) – കർത്താവു തന്നിൽ വഹിച്ചു പൗലൊസിനെ വിടുവിച്ചു. *വാസ്തവത്തിൽ, കർത്താവു തനിക്കുള്ളവരെ സൂക്ഷിക്കും* (1 കൊരി. 10:13; 2 തിമൊഥെയൊസ് 4:16–18). കർത്താവു നമ്മെ ഇങ്ങനെ വിടുവിക്കുന്നത്, "അപകടത്തിൽ നിന്നു, വലിച്ചിഴച്ചുകൊണ്ടാണ് ... സുരക്ഷിതത്ത്വത്തിലാക്കുന്നതിനു ... 2 പത്രൊസ് 2:7 ... റോമ. 11:26 ... 5:31; 1 തെസ. 1:10 ... 2 തിമൊ. 4:18 ... കൊലൊ. 1:13; 2 തിമൊ. 3:11" (റോബിൻസൺ, 650).

[21]ജീവിക്കുക (ഗ്രീക്ക്.: *സാഓ*) – "ജീവനോടെ ഇരിക്കുക ... ജീവിക്കുകയും ഉന്നതി പ്രാപിക്കുകയും ചെയ്യുന്ന അർത്ഥത്തിൽ, 2 കൊരി. 6:9; 1 തെസ. 3:8 ... യഥാസ്ഥാനപ്പെടുക ... സജീവമാകുക, ദൈവരാജ്യത്തിൽ അവസാനമില്ലാതെ, അനുഗ്രഹിക്കപ്പെടുക ... ഭക്തിയുള്ളതാകുക, ഒരാളുടെ, വിശുദ്ധീകരിക്കപ്പെട്ട ജീവിതം; അയാൾ കാരണം മറ്റൊരാൾക്കു ആ ജീവിതം പ്രയോജനപ്പെടുക ... , 20:38; റോ. 6:10... ; ഗലാ. 2:19 ... 2 കൊരി. 5:15 ... 1 പത്രൊ. 2:24" (തേയർ, 269–70). [22]ദുഷ്ടത (ഗ്രീക്ക്.: *പൊനേരോസ്*) – "നിറയെ ജോലികൾ ... വിഷമങ്ങൾ ... ജോലികളിൽ നിന്നു സമ്മർദ്ദവും അതിൽ നിന്നുള്ള പീഢനവും ... ഉപദ്രവങ്ങൾ, കുഴപ്പങ്ങൾ. എഫെ. 5:16; 6:13 ... നിബന്ധനകളുടെ മോശമായ സ്വഭാവം ... ഭൗതികമായ അർത്ഥത്തിൽ ... രോഗം അല്ലെങ്കിൽ അന്ധത, മത്താ. 6:23; ലൂക്കൊ. 9:34 ... ശരിയായ അർത്ഥത്തിൽ, ദുഷിച്ച, ദുഷ്ടത, മോശമായ ... മത്താ. 7:11; 12:34. ... 2 തിമൊ. 3:13 ... പിശാചിന്റെ പ്രവർത്തനം ... മത്താ. 5:37; 6:13; 12:19, 38 ... 1 യോ. 2:13 ... ; 3:12" (തേയർ, 530–31). [23]കപടവേഷധാരി (ഗ്രീക്ക്.: *ഗോയെസ്*) – "മന്ത്രവാദി, ഇന്ദ്രജാലക്കാരൻ ... കബളിപ്പിക്കുന്നവൻ, വഞ്ചകൻ ... 2 തിമൊ. 3:13" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 163–64); "... നിലവിളിക്കുന്നവൻ, ഒച്ചവെക്കുന്നവൻ ... വശീകരിക്കുന്നവൻ ... ഒരു വഞ്ചകൻ, കപടവേഷധാരി" (തേയർ, 120). [24]മേൽക്കുമേൽ മുതിർന്നുവരിക (ഗ്രീക്ക്.: *പ്രൊകോപ്റ്റോ*) – "... അടിക്കുക അല്ലെങ്കിൽ മുൻപോട്ട് ഓടിക്കുക, ... പുരോഗമിപ്പിക്കുക ... മുന്നേറുക, വർദ്ധിക്കുക ... മുൻപോട്ട്, 2 തിമൊ. 2:16; 3:9 ... അധികം ചെലവില്ല, റോമ. 13:12" (റോബിൻസൺ, 621); "... അധികം പോകുക ... മോശമായതിൽ നിന്നു ഏറ്റവും മോശമാകുക, 2 തിമൊ. 3:13" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 714–15). [25]വഞ്ചിക്കുക (ഗ്രീക്ക്.: *പ്ലാനോ*) – "ദൂരെ നയിക്കുക, അലഞ്ഞു തിരിയുക ... ശരിയായ വഴിയിൽ നിന്നു ഒരാളെ തെറ്റിക്കുക ... ആവ. 6:1 ... തെറ്റായി നയിക്കുക ... അലയുക ... വ്യാമോഹിപ്പിക്കുക" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 671); "... തെറ്റുവാൻ കാരണമാകുക ... തെറ്റായ തീരുമാനം എടുക്കുക ... മത്താ. 24:4, 5, 11, 24 ... വഴി തെറ്റിക്കുക ... യോഹന്നാൻ 7:12 ... വെളി. 20:8, 10" (റോബിൻസൺ, 586). [26]തുടരുക (ഗ്രീക്ക്.: *മെനേ*) – തിമൊഥെയൊസു (പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ) തുടർന്നിരിക്കണം എന്നാണ് വർത്തമാനകാലം സൂചിപ്പിക്കുന്നത്, ആജ്ഞാ സ്വഭാവം അർത്ഥമാക്കുന്നതു തിമൊഥെയൊസ്

തന്റെ ഓട്ടം തുട*രണം* അല്ലെങ്കിൽ അതിൽ ''നിലനില്*ക്കണം*'' (ഗ്രീക്ക്.: *മെനോ*) – "... നിലനില്ക്കുക, അവിടെത്തന്നെ ആയിരിക്കുക ... ഒരാളോടു കൂടെ നിലനില്ക്കുക, അതായത് അവന്റെ ശക്തിയിൽ, പ്രവൃത്തികൾ 5:4 ... 1 കൊരി. 7:11 ... 2 തിമൊ. 2:13 ... തുടരുക, സഹിക്കുക; 1 കൊരി. 15:6 എന്നേക്കും സഹിക്കുക, നിരന്തരമായിരിക്കുക ... 1 കൊരി. 13:13 ... എബ്രാ. 13:1 ... സ്ഥിരതയിൽ തുടരുക, ദീർഘ ക്ഷമയുള്ളവരാകുക ... യോഹന്നാൻ 8:31" (റോബിൻസൺ, 452–53). [27]ബോധ്യമായ (ഗ്രീക്ക്.: *എപിസ്റ്റോതെസ്*) – ക്രിയാശൂന്യം കാണിക്കുന്നത് തിമൊഥെയൊസിനു പുറത്തു നിന്നു സഹായം കൊണ്ടു വന്നിട്ടുണ്ട് എന്നാണ്, അവൻ അതു സ്വീകരിക്കയും ചെയ്തു! "ഉറപ്പാക്കി" എന്ന വാക്കിനാൽ അവൻ എത്ര നന്നായി അതു സ്വീകരിച്ചു എന്നു വ്യക്തമാക്കുന്നു. മൂലവാക്കായ *പിസ്റ്റൂ* എന്നതിന്റെ അർത്ഥം "വിശ്വസ്തമാകുക, വിശ്വാസയോഗ്യം ... ഒരാളുടെ മദ്ധ്യത്തിൽ ... കെട്ടുക ... ഉറപ്പാക്കുക, വിശ്വസിക്കുക, 2 തിമൊ. 3:14" (റോബിൻസൺ, 586); "... ഉറപ്പിക്കുക, സ്ഥാപിക്കുക, 1 ദിന. 17:14 ... ഉറപ്പിച്ചു പ്രേരിപ്പിക്കുക" (തേയർ, 514). [28]അറിയുക (ഗ്രീക്ക്.: *ഓയിഡ*) – "ആരെയെങ്കിലും കുറിച്ച് അറിയുക ... (അടുത്തറിയുക) പരിചയപ്പെടുക, (അടുത്ത) ബന്ധത്തിലാകുക ... 2 കൊരി. 5:16 ... ദൈവത്തെ അറിയുക, അതായതു. അവൻ ഉണ്ടെന്ന് സൈദ്ധാന്തികമായി അറിയുക മാത്രമല്ല, അവനുമായി ഒരു ക്രിയാത്മക ബന്ധം ഉണ്ടായിരിക്കുക ... 2 തെസ. 1:8; തിത്തൊ. 1:16 ... അറിയുക അല്ലെങ്കിൽ മനസ്സിലാക്കുക നിങ്ങൾ എങ്ങനെ ... വ്യാഖ്യാനിക്കണം എന്നു മനസ്സിലാക്കുക ... ഫിലി. 4:12; 1 തെസ. 4:4 ... എഫെ. 1:18 ... പ്രത്യേകിച്ചു മനുഷ്യരുടെ ചിന്ത മനസ്സിലാക്കുവാൻ യേശുവിനുണ്ടായിരുന്ന കഴിവ് ... മത്താ. 12:25 ... മർ. 12:15" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 558–59); "*എയിഡോ* ... ഇന്ദ്രിയത്താൽ ഗ്രഹിക്കുക ... നേരിടുക ... പരിശോധിക്കുക ... അനുഭവമാക്കുക ... മനസ്സിലാക്കുക ... എങ്ങനെ എന്ന് അറിയുക, അതായത് ... അറിയുകയും അംഗീകരിക്കുകയും ചെയ്യുക ... കരുതുക, താല്പര്യം കാണിക്കുക, 1 തെസ. 5:12 ... സദൃശ. 27:23 ... ഗലാ. 4:8" (റോബിൻസൺ, 208–10). [29]വിശുദ്ധ (ഗ്രീക്ക്.: *അയെറോസ്*) – "ദൈവത്തിനുവേണ്ടി വിശുദ്ധമാക്കിയ ... ദൈവത്തിനു നല്കപ്പെട്ട ... 2 തിമൊ. 3:15 ... തിരുവെഴുത്തുകൾ ... വിശുദ്ധ സാധനങ്ങൾ ... 1 കൊരി. 9:13" (റോബിൻസൺ, 346); "... പരിശുദ്ധ തിരുവെഴുത്തുകൾ, കാരണം അതു ദൈവശ്വാസിയമാണ്, ദൈവിക വസ്തുതകളെ ദൈവിക ബഹുമാനത്തോടെ കരുതണം" (തേയർ, 299). [30]ജ്ഞാനം (ഗ്രീക്ക്.: *സോഫിസോ*) – "ജ്ഞാനിയാക്കുക, ഉപദേശിക്കുക, മനസ്സിലാക്കൽ ... ബുദ്ധിയോടെ തരം തിരിക്കുക അല്ലെങ്കിൽ പാടവത്തോടെ തരം തിരിക്കുക" (തേയർ, 582); "... സാമർത്ഥ്യത്തോടെ, കഴിവ് ഉണ്ടാക്കുക, ... പ്രകാശിപ്പിക്കുക, ദൈവിക കാര്യങ്ങളെ സംബന്ധിച്ചുള്ള ... 2 തിമൊ. 3:15 ... സാമർത്ഥ്യത്തോടെ ആസൂത്രണം ചെയ്യുക, കലാപരമായി" (റോബിൻസൺ, 670).

[31]രക്ഷിക്കുക (ഗ്രീക്ക്.: *സോസോ*) – "ഉപദ്രവിക്കപ്പെടാതെ സൂക്ഷിക്കുക, കാത്തുകൊള്ളുക, അഭയത്തിലെത്തുക ... സുരക്ഷിതമായി എത്തുക ... ആരോഗ്യം വീണ്ടെടുക്കുക, സുഖമാകുക, പെരുകുക, അഭിവൃദ്ധിപ്പെടുക ... രക്ഷിക്കുക അല്ലെങ്കിൽ നിത്യ മരണത്തിൽ നിന്നു രക്ഷിക്കുക, 1 കൊരി. 1:21; 2 തിമൊ. 1:9; തിത്തൊ. 3:5 ... 1 തിമൊ. 1:15; 2 തിമൊ. 4:18 ... മത്താ. 1:21" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 805–6). [32]എൽ. ഓ. സാന്റേർസൺ, "ദ പ്രെഷ്യസ് ബുക്ക്

ഡിവൈൻ." പകർപ്പവകാശം, 1963, റിന്യൂവൽ. ലെയോൺ ബി. സാന്റേർസൺ, ഒണെർ. അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു. [33]ദൈവശ്വാസിയമായ (ഗ്രീക്ക്.: *തെയോപ്നിയോസ്റ്റോസ്*) – "... ദൈവശ്വാസിയം, ദൈവം ശ്വസിച്ചു, 2 തിമൊ. 3:16" (റോബിൻസൺ, 333). [34]പ്രയോജനം (ഗ്രീക്ക്.: *ഒഫെലിമോസ്*) – "... സഹായകരം ... ഉപയോഗപ്രദം ... 1 തിമൊ. 4:8 ... 2 തിമൊ. 3:16 ... തിത്തൊ. 3:8" (റോബിൻസൺ, 803). [35]ഗുണീകരണം (ഗ്രീക്ക്.: *എലെഗ്മോസ്*) – "ഒരു പാപിയുടെ തീർച്ചപ്പെടുത്തൽ (സം. 5:18 മുതൽ), കൂടാതെ ഗുണീകരണം ... ശിക്ഷ ... 2 തിമൊ. 3:16" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 248). [36]തർജ്ജനം (ഗ്രീക്ക്.: *എപാനോർതോസിസ്*) – "വീണ്ടും നീതിയിലേക്കു വരുത്തുക ... പുനരേകീകരണം ... ഹൃദയത്തിന്റെയും ജീവിതത്തിന്റെയും, നവോത്ഥാനം, തിരുത്തൽ, 2 തിമൊ. 3:16" (റോബിൻസൺ, 267). [37]അഭ്യാസം (ഗ്രീക്ക്.: *പായിഡെയിയ*) – "ഒരു ശിശുവിനെ പരിശീലിപ്പിക്കൽ ... വിദ്യാഭ്യാസം, അച്ചടക്കം, നിർദ്ദേശം, തുടർച്ചയായി പഠിപ്പിക്കൽ, പ്രബോധനം, പ്രതിഫലം, ശിക്ഷ ... അത്തരം പരിശീലനം കർത്താവു ആവശ്യപ്പെടുന്നതും അംഗീകരിക്കുന്നതുമാണ്, 2 തിമൊ. 3:16" (റോബിൻസൺ, 539). [38]നീതി (ഗ്രീക്ക്.: *ഡിക്കായിഓസുനേ*) – "നീതി അല്ലെങ്കിൽ ശരിയായതു ചെയ്യൽ ... നീതി, തുല്യത, പക്ഷഭേദമില്ലാതെ ... സ്വഭാവത്തിൽ ... അങ്ങനെ തന്നെ ആയിരിക്കണം ... നീതിപൂർവ്വം ... എന്താണോ ... ശരിയായത്, യോജിച്ചത് ചെയ്യുക ... എഫെ. 5:9; 1 തിമൊ. 6:11; 2 തിമൊ. 2:22 ... ദയയിൽ കാണിച്ചിരിക്കുന്നു, ഗുണത്തിൽ, ഔദാര്യം, 2 കൊരി. 9:9, 10 ... ഹൃദയം ദൈവവുമായി യോജിച്ചിരിക്കുക, ദൈവത്തോടുള്ള ഭക്തിയിലായിരിക്കുക ... റോമ. 6:16, 18 ... ദൈവ (ത്തിൽ) നിന്നുള്ള നീതി, അതു ക്രിസ്തുവിലുള്ള വിശ്വാസം (മുഖാന്തരം) വരുന്നു ... ഫിലി. 3:9 ... 1 കൊരി. 1:30" (റോബിൻസൺ, 184). [39]മതിയായ (ഗ്രീക്ക്.: *ആർട്ടിയോസ്*) – അതിന്റെ "തരത്തിലുള്ള തികവു; അതുപോലെ മതപരമായ ഒരു ഉപദേഷ്ടാവും ഒന്നിലും കുറവില്ലാതിരിക്കണം" (റോബിൻസൺ, 96); "... കഴിവുള്ള, എല്ലാ ആവശ്യങ്ങളും = നിറവേറ്റുവാൻ കഴിവുള്ള" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 110). [40]പ്രാപ്തി (ഗ്രീക്ക്.: *എക്സർട്ടിസ്മെനോസ്*) – "പൂർണ്ണമായും, പൂർത്തിയാക്കുവാൻ ... മുഴുവനായും ഒരുക്കുക" (റോബിൻസൺ, 259). ക്രിയാശൂന്യം തെളിയിക്കുന്നത് അത് നാം സ്വയം ചെയ്യുന്ന ഒന്നല്ല, മറിച്ചു ദൈവത്തിനും അവന്റെ വചനത്തിനും കീഴ്പ്പെടുമ്പോൾ നമുക്കപ്പുറം പോകുവാൻ *അവ* നമ്മെ സഹായിക്കുന്ന ഒന്നിനെയാണ് (നോക്കുക 2 കൊരിന്ത്യർ 8:1-7, പ്രത്യേകിച്ചു വാ. 3; കൂടാതെ റോമർ 12:2 അവിടെ പറഞ്ഞിരിക്കുന്ന "രൂപാന്തരം" എന്നതും ക്രിയാശൂന്യമാണ്). ദൈവം നമ്മെ "കുറഞ്ഞതായി മാറ്റുന്നില്ല."

[41]റൊണാൾഡ് എ. വാർഡ്, *കമെന്ററി ഓഫ് 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* (വാക്കോ, ടെക്സ്.: വേഡ് ബുക്സ്, 1974), 201.